# പുണ്യകരമായ ഹജ്ജ്

عَنْ اَبِى هُرَيْرَةَ رَضِيَ اللّٰهُ عَنْهُ قَالَ: سُئِلَ النَّبِيُّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ اَيُّ الْعَمَلِ اَفْضَل؟ قَالَ: اِيمَانٌ بِاللّٰهِ وَرَسُولِهِ قِيلَ: ثُمَّ مَاذَا؟ قَالَ: اَلْجِهَادُ فِي سَبِيلِ اللّٰهِ. قِيلَ: ثُمَّ مَاذَا؟ قَالَ حَجٌّ مَبْرُورٌ. (متّفق عليه)

**അബൂ ഹുറയ്‌റ (റ) നിവേദനം ചെയ്യുന്നു. നബി(സ)യോട് ആരോ ചോദിച്ചു: 'ഏത് കർമമാണ് അതിശ്രേഷ്ഠമായിട്ടുള്ളത്?' അവിടുന്ന് അരുളി: 'അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള വിശ്വാസം.' ചോദ്യകർത്താവ്: 'പിന്നെയെന്ത്?' നബി (സ): 'അല്ലാഹുവിന്റെ മാർഗത്തിലുള്ള വിശുദ്ധ സമരം അഥവാ ജിഹാദ്.' ചോദ്യകർത്താവ്: 'പിന്നെയെന്ത്?' നബി (സ): 'പുണ്യകരമായ ഹജ്ജ്' (മുത്തഫഖുൻ അലൈഹി).**

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ അവസാനത്തേതാണ് ഹജ്ജ്. അല്ലാഹു നിശ്ചയിച്ചുതന്നിട്ടുള്ള ഇബാദത്തുകളിൽ ശ്രേഷ്ഠമായ ആരാധന. നമസ്‌കാരം, വ്രതം, സകാത്ത് പോലുള്ള നിർബന്ധ ബാധ്യതകളിൽനിന്നെല്ലാം വ്യത്യസ്തമാണ് ഹജ്ജ്. സത്യവിശ്വാസി തന്റെ ശരീരവും സമ്പത്തും ഹൃദയവും അല്ലാഹുവിന് സമർപ്പിക്കുകയാണ് ഹജ്ജിലൂടെ.

പൗരാണിക ആരാധനാ കർമമാണ് ഹജ്ജ്. ജൂത-ക്രൈസ്തവ-ഇസ്‌ലാമിക സമൂഹങ്ങൾ ഒന്നടങ്കം ആദരിക്കുന്ന പ്രവാചകൻ ഇബ്‌റാഹീമിന്റെ കാലം തൊട്ടേ ജനലക്ഷങ്ങൾ ഹജ്ജ് നിർവഹിക്കാൻ മക്കയിലേക്ക് യാത്രചെയ്തിരുന്നു.

ഹജ്ജ് നിർവഹിക്കാനുള്ള സാധ്യതകൾ ഒത്തുവന്നിട്ടും അത് നിർവഹിക്കാൻ തയാറാകാത്തവനെ കാഫിർ (നിഷേധി) എന്നാണ് ഖുർആൻ (ആലുഇംറാൻ-97) പരാമർശിച്ചിട്ടുള്ളത്. ഈ സൂക്തം അവതരിച്ചപ്പോൾ പ്രവാചകനോട് അനുചരന്മാർ ചോദിച്ചു: 'റസൂലേ, വർഷംതോറും ഹജ്ജ് നിർവഹിക്കേണ്ടതുണ്ടോ?' അപ്പോൾ അവിടുന്ന് മൗനം പാലിച്ചു. അവർ ചോദ്യം ആവർത്തിച്ചപ്പോൾ നബി (സ) പറഞ്ഞു: 'ഇല്ല. ഞാൻ അതേയെന്ന് പറഞ്ഞാൽ അത് നിർബന്ധമായിത്തീരും.' സൂറഃ *അൽ മാഇദ*യിലെ 101-ാം വചനം അവതരിച്ചത് അപ്പോഴാണ്. 'സത്യവിശ്വാസികളേ, നിങ്ങൾ ചില കാര്യങ്ങൾ ചോദിക്കരുത്. അത് വെളിവാക്കപ്പെട്ടാൽ നിങ്ങൾക്ക് ദുഷ്‌കരമായിത്തീരും.' (*തഫ്‌സീർ ഇബ്‌നുകസീർ* വാല്യം 1, പേജ് 376).

ഇബ്‌റാഹീം നബിയുടെ ത്യാഗോജ്ജ്വലവും വികാരസാന്ദ്രവുമായ ജീവിതം സ്വജീവിതത്തിൽ ഒപ്പിയെടുക്കാനുള്ള പരിശ്രമമാണ് ഹജ്ജ്. ഹജ്ജ് കർമം ജിഹാദായി മാറുന്നത് അതുകൊണ്ടാണ്. ഇഷ്ടപ്പെട്ടതെന്തും ദൈവമാർഗത്തിൽ സമർപ്പിക്കാനുള്ള പരിശീലനം. ഹസനുബ്‌നു അലി(റ)യിൽനിന്ന്: ഒരാൾ പ്രവാചക സന്നിധിയിൽ വന്ന് ഇപ്രകാരം പറഞ്ഞു: 'ഞാനൊരു ഭീരുവാണ്; ദുർബലനും.' അപ്പോൾ അവിടുന്ന് പ്രതിവചിച്ചു: 'പ്രയാസമേതുമില്ലാത്ത ജിഹാദിന്-ഹജ്ജിന്-പുറപ്പെട്ടുകൊള്ളുക.' അബൂഹുറയ്‌റ(റ)യിൽനിന്ന്: നബി (സ) അരുളി: 'വൃദ്ധന്റെയും ദുർബലന്റെയും സ്ത്രീയുടെയും ജിഹാദാണ് ഹജ്ജ്.' ജിഹാദിന് അനുമതി തേടിയ പത്നി ആഇശ(റ)യോട് പുണ്യകരമായ ഹജ്ജ് ശ്രേഷ്ഠകർമമാണെന്ന് നബി (സ) നിർദേശിക്കുകയുണ്ടായി (ബുഖാരി).

ഹജ്ജ് യാത്രയും ഹജ്ജ് കർമവും സാഹസികമാണ്. സ്വീകാര്യമായ ഹജ്ജിന് സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ടതിന്റെ പൊരുൾ അതത്രെ. അബൂഹുറയ്‌റ (റ)യിൽനിന്ന് നിവേദനം: നബി (സ) അരുളി: 'ഒരു ഉംറ അടുത്ത ഉംറ വരെയുള്ള പാപങ്ങൾക്കുള്ള പ്രായശ്ചിത്തമാകുന്നു. പുണ്യകരമായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല' (ബുഖാരി, മുസ്‌ലിം). സകലവിധ ദുരഭിമാനവും വെടിഞ്ഞ് ആത്മാർഥതയോടെയും നിഷ്‌കളങ്കതയോടെയും ഹജ്ജ് കഴിഞ്ഞ് തിരിച്ചെത്തുമ്പോൾ പ്രസവിച്ചുവീണ കുഞ്ഞിനെപ്പോലെ ഹാജി നിർമലനായിരിക്കും.

അംറുബ്‌നുൽ ആസ് (റ) ഇസ്‌ലാം ആശ്ലേഷിച്ച സന്ദർഭം. അദ്ദേഹം നബിയെ സമീപിച്ച് ഇപ്രകാരം ആവശ്യപ്പെട്ടു: 'പ്രവാചകരേ, അങ്ങ് അല്ലാഹുവോട് എനിക്കു വേണ്ടി പ്രാർഥിക്കണം. ജാഹിലിയ്യാ ജീവിതത്തിലെ തെറ്റുകുറ്റങ്ങൾ പൊറുത്തുതരുന്നതിന്.' നബി അദ്ദേഹത്തോട് പറഞ്ഞു: 'ഇസ്‌ലാം ഗതകാല ചെയ്തികൾ മായ്ച്ചുകളയുമെന്നും ഹിജ്‌റയും ഹജ്ജും മുൻപാപങ്ങൾ ഇല്ലാതാക്കുമെന്നും താങ്കൾക്ക് അറിയില്ലേ.'

ഹാജിമാർ അല്ലാഹുവിന്റെ വിശിഷ്ട അതിഥികളാണ്. ലോകസ്രഷ്ടാവിനെ ആരാധിക്കാനായി ഭൂമിയിൽ ഒന്നാമതായി പടുത്തുയർത്തപ്പെട്ട ഭവനം ലക്ഷ്യമാക്കിയാണ് അവരുടെ യാത്ര (*ആലുഇംറാൻ* 96). വർഷങ്ങളായി മനസ്സിന്റെ മണിച്ചെപ്പിൽ താലോലിക്കുന്ന സ്വപ്നമാണ് ഹജ്ജിലൂടെ പൂവണിയുന്നത്. കുട്ടിക്കാലം മുതലേ തന്റെ നമസ്‌കാരത്തിന്റെയും അതുവഴി സ്വജീവിതത്തിന്റെയും ദിശ നിർണയിക്കുന്ന കഅ്ബാലയത്തിലേക്കുള്ള തീർഥയാത്ര! ●